പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3294

18-2-13 ൽ മറുപടിക്ക്

## സംസ്ഥാന സർക്കാരിന്റെ ടെലിവിഷൻ ചാനലും മീഡിയാ സിറ്റിയും

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. എ.കെ. ബാലൻ | | ശ്രീ. കെ.സി. ജോസഫ് ( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ടെലിവിഷൻ ചാനൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടു ണ്ടോ; ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ടെലിവിഷൻ ചാനൽ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പുമന്ത്രി ചെയർമാനായി ഒരു 7 അംഗ സമിതി രൂപീകരിക്കുകയും സമിതി അംഗം ശ്രീ. സണ്ണിക്കുട്ടി എബ്രഹാമിനെ ചീഫ് എക്സിക്യൂട്ടീവ്ഓഫീസറായുംനിയമിച്ചിട്ടുണ്ട്. |
| ബി) സംസ്ഥാന ഗവൺമെന്റിന് നേരിട്ട് ടെലിവിഷൻ ചാനൽ തുടങ്ങാൻ നിയമതടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള സ്വകാര്യ ചാനലുകളിൽ ഏതിലെങ്കിലും പ്രത്യക്ഷമായി സാമ്പത്തികപങ്കാളിത്തം നടത്തി ചാനലിൽ പങ്കാളികളാകാൻ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | ബി) | പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ട ുണ്ട്. |
| സി) കൊച്ചി കേന്ദ്രമാക്കി മീഡിയ സിറ്റി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മീഡിയ സിറ്റിയുടെ പ്രവർത്തന ഉദ്ദേശങ്ങൾ വിശദമാക്കുമോ? | സി) | ദുബായ് മീഡിയാ സിറ്റിയുടെ മാതൃകയിൽ കൊച്ചിയിൽ ഒരു മീഡിയാസിറ്റി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മീഡിയാ സിറ്റിയുടെ നിർമ്മാണ പ്രവർത്തന കാര്യങ്ങളെക്കുറിച്ച് പഠിച്ച് രൂപരേഖ തയ്യാറാക്കുന്നതിന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പുമന്ത്രി ചെയർമാനായി ഒരു 7 അംഗ വിദഗ്ധ സമിതി രൂപീകരിക്കുകയും ടി സമിതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും സത്വര തുടർ നടപടി സ്വീകരിക്കുന്നതിനുമായി സമിതി അംഗം ശ്രീ. സണ്ണിക്കുട്ടി എബ്രഹാമിനെ ചീഫ് എക്സിക്യൂട്ടീവായും നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ